**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1601** | **08.06.2018 ൽ മറുപടിയ്ക്ക്**

# പച്ചക്കറി കൃഷി വർദ്ധിപ്പിക്കുവാൻ നടപടി

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) 2015-16, 2017-18 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് വീതം പച്ചക്കറി കൃഷി ചെയ്തിരുന്നു എന്ന് വ്യക്തമാക്കാമോ;

എ)

| സാമ്പത്തിക വർഷം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 2015-16 | 46578 |
| 2017-18 | 67858 |

ബി) 2015-16, 2017-18 വർഷങ്ങളിൽ പച്ചക്കറി ഉല്പാദനം എത്ര ടൺ ആയിരുന്നു എന്ന് വ്യക്തമാക്കാമോ;

ബി)

| സാമ്പത്തിക വർഷം | ഉല്പാദനം (ലക്ഷം ടൺ) |
|---|---|
| 2015-16 | 6.28 |
| 2017-18 | 10.12 |

സി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ?

സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തൃതി കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതും സാധിച്ചിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്ക് 2018-19 വർഷം 80 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ

വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിയ്ക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴമറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് ഒരു മുറം പച്ചക്കറി, സീറോ എനർജി കൂൾ ചേമ്പർ, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷി പച്ചക്കറി കൃഷി പ്രോത്സാഹനം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനിപോളീഹൗസ് നിർമ്മാണം എന്നിവ 2018-19-ൽ പദ്ധതി ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

Manjal

**സെക്ഷൻ ഓഫീസർ**